LIBRARY ARCHIVES Kerala Legislative Assembly

കാർഷികമേഖലയിലെ പുത്തൻ അറിവുകൾ കർഷകരിലേക്കെത്തിക്കുന്നതിന് കാർഷിക വിജ്ഞ വ്യാപന പദ്ധതി സഹായിക്കുന്നു. വിവിധ പരിശീലന പരിപാടികൾ, മേളകൾ, പ്രദർശനങ്ങൾ, പഠന യാത്രകൾ എന്നിവ ടി പദ്ധതിയുടെ ഭാഗമായി നടത്തിവരുന്നു. ജൈവകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന "ജൈവകൃഷി വികസന പദ്ധതി" വഴി ജൈവകർഷകർക്ക് ഉല്പാദനം, വിപണനം എന്നിവയ്ക്ക് വേണ്ട സഹായം വിഭാവന ചെയ്യുന്നു. കൃഷി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 6 മൊത്ത വ്യാപാര കാർഷിക വിപണികൾ മുഖേനയും വിവിധ പ്രാദേശിക വിപണികൾ മുഖേനയും കാർഷികോത്പന്നങ്ങളുടെ സംഭരണം, അവ ലേലം ചെയ്യുന്നതിലൂടെ മികച്ച വരുമാനം എന്നിവ കർഷകർക്ക് സാദ്ധ്യമാകുന്നു. നാളികേരത്തിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നമായ നീരയുടെ ഉല്പാദനത്തിനും വിപണനത്തിനും നടപ്പിലാക്കിവരുന്ന പദ്ധതികൾ ഈ മേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ മൂല്യവർദ്ധിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് അടിസ്ഥാനത്തിൽ ധനസഹായം നല്കിവരുന്നു.

പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നല്കുന്നതിനായി വിള ഇൻഷ്വറൻസ് പദ്ധതി, അത്തരം സാഹചര്യങ്ങളെ തരണം ചെയ്ത് വിള ഉല്പാദനം ഉറപ്പാക്കുന്നതിന് കണ്ടിജൻസി പ്രോഗ്രാം എന്നിവയും നടപ്പിലാക്കി വരുന്നു. ഇപ്രകാരം സമഗ്ര കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കുക വഴി കൃഷി ലാഭകരമാക്കി ഈ രംഗത്ത് കർഷകരെ നിലനിർത്തുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു.

നാട്ടിക നിയോജക മണ്ഡലത്തിലെ 'നിറവ്' പദ്ധതി

178 (1650) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'നിറവ് 'പദ്ധതിയനുസരിച്ച് നാട്ടിക നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) 'നിറവി'ലേക്ക് സമർപ്പിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാം; നടപ്പിലായവ ഏതൊക്കെ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 'നിറവ്' പദ്ധതിയനുസരിച്ച് നാട്ടിക നിയോജക മണ്ഡലത്തിൽ സുഗന്ധവ്യഞ്ജന കൃഷി വികസനം, ചെറുകിട യന്ത്രവൽക്കരണം, സംയോജിത തെങ്ങ് കൃഷി വികസനം, കിഴങ്ങ്വർഗ്ഗ കൃഷി വികസനം, വാഴകൃഷി വികസനം, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, നെൽകൃഷി വികസനം, മഴമറ നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) 'നിറവി'ലേക്ക് സമർപ്പിക്കപ്പെട്ട പദ്ധതികൾ ചുവടെപ്പറയുന്നവയാണ്:

1.	സുഗന്ധവ്യഞ്ജന കൃഷി വികസനം	- 112 ഹെ. 19.68 ലക്ഷം രൂപ
2.	ചെറുകിട യന്ത്രവൽക്കരണം	- 512 എണ്ണം. 22.505 ലക്ഷം രൂപ
3.	സംയോജിത തെങ്ങ് കൃഷി വികസനം	- 61 ഹെ. 310.3 ലക്ഷം രൂപ
4.	കിഴങ്ങുവർഗ്ഗ കൃഷി വികസനം	- 51 ഹെ. 10.2 ലക്ഷം രൂപ.
5.	വാഴകൃഷി വികസനം	- 61 ഹെ. 16.66 ലക്ഷം രൂപ
6.	പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ	- 109 ലക്ഷം രൂപ
7.	നെൽകൃഷി വികസനം	- 153.45 ലക്ഷം രൂപ
8.	മഴമറ	-4500 M^2 22.50 ലക്ഷം രൂപ
	ആകെ	664.30 ലക്ഷം രൂപ

ഇവയിൽ നടപ്പിലാക്കിയവ ചുവടെ ചേർക്കുന്നു:

1.	വാഴകൃഷി വികസനം	- 63 ഹെ.16.5375 ലക്ഷം രൂപ
	കിഴങ്ങ്വർഗ്ഗ കൃഷി	-12.65 ഹെ.2.53 ലക്ഷം രൂപ
	ആകെ	19.0675 ലക്ഷം രൂപ

നിറവ് പദ്ധതിക്കായി പ്രത്യേകം ബഡ്ജറ്റ് വിഹിതമില്ലാത്തതിനാൽ 2015-16-ലെ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മറ്റ് 6 പദ്ധതികളും ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

ചെറുകിട കർഷകരെ സഹായിക്കാൻ പദ്ധതി

179 (1651) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ?

(എ) കാർഷിക മേഖല തകർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കർഷക രക്ഷയ്ക്കായി എന്തെങ്കിലും പദ്ധതി ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ചെറുകിട കർഷകരെ സഹായിക്കാൻ കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച് വിശദീകരണം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly